# Mathrubhumi

## 22 August 2018

## Thiruvananthapuram, Flood, Congress Criticizes Government



# ദുരന്തം സർക്കാർ ക്ഷണിച്ചുവരുത്തിയത് -പ്രതിപക്ഷം

### സർക്കാരിന് വിമർശനവുമായി കോൺഗ്രസ്

**അനിഷ് ജേക്കബ്**
തിരുവനന്തപുരം

▸ പ്രളയം നേരിടുന്നതിന് സർക്കാരുമായി സഹകരിക്കേണ്ട നാളുകൾ കഴിഞ്ഞെന്ന് കോൺഗ്രസ് നേതൃയോഗം. ഈ ദുരന്തം സർക്കാർ ക്ഷണിച്ചുവരുത്തിയതാണെന്നും ശക്തമായി വിമർശനം ഉന്നയിക്കണമെന്നും നേതൃയോഗം തീരുമാനിച്ചു.

അണക്കെട്ടുകൾ നിറഞ്ഞു കവിയുന്നതുവരെ കാത്തിരുന്നതാണ് പ്രളയം രൂക്ഷമാകാൻ കാരണം. ഓഖി നൽകിയ പാഠം മുമ്പിലുണ്ടായിട്ടും ദുരന്തനിവാരണ അതോറിറ്റിപോലും പുനഃസംഘടിപ്പിച്ചില്ല. ഇതിനുപുറമേ ദുരിതാശ്വാസക്യാമ്പുകൾ പാർട്ടിക്യാമ്പുകളാക്കാൻ സി.പി.എം. ശ്രമിക്കുന്നുവെന്നും നേതൃയോഗത്തിൽ നേതാക്കൾ വിമർശനമുന്നയിച്ചു.

എ.കെ. ആൻറണിയുടെയും മുകുൾ വാസ്നിക്കിൻെറയും സാന്നിധ്യത്തിലായിരുന്നു യോഗം. ദുരന്തം ക്ഷണിച്ചുവരുത്തിയതാണെന്ന വിമർശനം വസ്തുതകളുടെ അടിസ്ഥാനത്തിൽ മുതിർന്ന നേതാക്കൾ ഉന്നയിക്കും. പ്രതിപക്ഷനേതാവ് രമേശ് ചെന്നിത്തല തന്നെയാണ് സർക്കാരിനെതിരേ കടുത്ത വിമർശനം ഉന്നയിച്ചത്. കെ. മുരളീധരൻ, തിരുവഞ്ചൂർ രാധാകൃഷ്ണൻ, കെ.സി. ജോസഫ്, ജോസഫ് വാഴയ്ക്കൻ, ടി. സിദ്ദിഖ് തുടങ്ങിയവർ വിമർശനങ്ങൾ തുറന്നുപറയണമെന്ന് അഭിപ്രായപ്പെട്ടു.

ദുരിതാശ്വാസപ്രവർത്തനങ്ങളിൽ കോൺഗ്രസ് പ്രവർത്തകർ മുന്നിട്ടിറങ്ങണമെന്ന് എ.കെ. ആൻറണി പറഞ്ഞു. പിന്നാക്കം പോയാൽ പിന്നീട് ജനങ്ങളെ അഭിമുഖീകരിക്കാനാകാതെ വരും. അണക്കെട്ടുകളിലെ വെള്ളത്തിൻെറ ദിവസേനയുള്ള അളവ് സഹിതം പറഞ്ഞാണ് പ്രളയം സർക്കാർ ക്ഷണിച്ചുവരുത്തിയതാണെന്ന് രമേശ് ചെന്നിത്തല വിവരിച്ചത്. 2397 അടിയായാലേ ഇടുക്കി അണക്കെട്ട് തുറക്കൂവെന്നുപറഞ്ഞ മന്ത്രി എം.എം. മണി വെള്ളം 2400 അടി ആയിട്ടും തുറന്നില്ല. ചില അണക്കെട്ടുകൾ രാത്രിയിൽ തുറന്നു. മുന്നറിയിപ്പും നൽകിയില്ല. ഇതെല്ലാം കെടുതി രൂക്ഷമാക്കി -ചെന്നിത്തല പറഞ്ഞു.

ദുരിതാശ്വാസപ്രവർത്തനങ്ങൾ സി.പി.എം. പരിപാടിയാക്കാനാണ് ശ്രമമെന്ന് ഉമ്മൻ ചാണ്ടി പറഞ്ഞു.

സംസ്ഥാന അതിർത്തികളിൽ സാധനങ്ങളുമായി വരുന്ന വാഹനങ്ങൾ തടഞ്ഞ് സി.പി.എം. കൊടികെട്ടി വിടുകയാണ്. ക്യാമ്പുകളിലെ സ്ഥിതി ദയനീയമാണെന്നും അദ്ദേഹം പറഞ്ഞു.

മുൻകൂട്ടിക്കാണാനും മുന്നറിയിപ്പു നൽകാനും മതിയായ സാങ്കേതിക സംവിധാനങ്ങളുണ്ടായിട്ടും വലിയ ദുരന്തം ഏറ്റുവാങ്ങേണ്ടിവന്നതിൻെറ ഉത്തരവാദിത്വം സർക്കാരിനു മാത്രമാണെന്ന് തിരുവഞ്ചൂർ രാധാകൃഷ്ണൻ പറഞ്ഞു. ദുരന്തം ക്ഷണിച്ചുവരുത്തിയ സർക്കാരിനെതിരേ ശക്തമായ വിമർശനം ഉന്നയിക്കണമെന്ന് കെ. മുരളീധരൻ പറഞ്ഞു.